ആകെ	114995866	22056018	4630076

43 (1775) വ്യാജമദ്യ വില്പനക്കാർക്കുള്ള ശിക്ഷ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യ വില്പനക്കാർക്ക് കടുത്ത ശിക്ഷ ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്ത അബ്കാരി നിയമം സംസ്ഥാനത്ത് നടപ്പാക്കിത്തുടങ്ങിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെയാണ് ഈ നിയമത്തിലെ പ്രധാന ശിക്ഷാവിധികൾ എന്നു വ്യക്തമാക്കുമോ;

(സി) ഈ നിയമം നിലവിൽ വന്നതിനുശേഷം വ്യാജമദ്യ വില്പന സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഓരോ എക്സൈസ് റെയ്ഞ്ച് ഓഫീസറും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ജില്ലയിലെ ഓരോ എക്സൈസ് ഓഫീസിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്ത് നിയമനടപടികൾ തുടർന്നു വരുന്നു എന്നുള്ളതിന്റെ കണക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷ ലഭിച്ചവർ ഉണ്ടോ; എങ്കിൽ ശിക്ഷ ലഭിച്ചിട്ടുള്ള എത്രപേർ ഓരോ എക്സൈസ് ഓഫീസിന്റെ പരിധിയിലും ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3.6.1997 മുതൽ

(ബി) പ്രധാനമായും അബ്കാരി കുറ്റകൃത്യങ്ങൾക്ക് ജാമ്യം അനുവദിക്കുകയില്ല. അബ്കാരി കുറ്റം ചെയ്ത ആരെയും വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യുവാനും ശിക്ഷ കൂട്ടുവാനും തീരുമാനിച്ചു. അതിന്റെ ഫലമായി കുറ്റകൃത്യങ്ങൾക്കുള്ള പരമാവധി തടവുശിക്ഷ 10 വർഷമായും പിഴശിക്ഷ ഒരുലക്ഷം രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ പിഴ ഈടാക്കി കേസ്സ് തീർപ്പാക്കുവാനുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ അധികാരം ഇല്ലാതാക്കി. കണ്ടുപിടിക്കപ്പെടുന്ന എല്ലാ കേസ്സുകളും കോടതിയിൽ ചാർജ്ജു ചെയ്യണം എന്ന വ്യവസ്ഥ നടപ്പിലാക്കി.

(സി) എക്സൈസ് ഉദ്യോഗസ്ഥന്മാർ നിരന്തരമായ റെയ്ഡുകളും സംയുക്ത റെയ്ഡുകളും, സർപ്രൈസ് ചെക്കിംഗും ഹൈവേ പരിശോധനകളും രാത്രികാല പെട്രോളിംഗും നടത്തി കുറ്റകൃത്യങ്ങൾക്കെതിരേ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നെയ്യാറ്റിൻകര റെയ്ഞ്ച് – 103 കേസ്സുകൾ
അമരവിള റെയ്ഞ്ച് – 242 കേസ്സുകൾ
തിരുപുറം റെയ്ഞ്ച് – 106 കേസ്സുകൾ
കാട്ടാക്കട റെയ്ഞ്ച് – 163 കേസ്സുകൾ
വാമനപുരം റെയ്ഞ്ച് – 87 കേസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് റെയ്ഞ്ച്	- 217 കേസ്സുകൾ
കഴക്കൂട്ടം റെയ്ഞ്ച്	- 114 കേസ്സുകൾ
തിരുവനന്തപുരം റെയ്ഞ്ച്	- 197 കേസ്സുകൾ
ചിറയിൻകീഴ് റെയ്ഞ്ച്	- 123 കേസ്സുകൾ
വർക്കല റെയ്ഞ്ച്	- 59 കേസ്സുകൾ

(ഇ) പുതിയ നിയമമനുസരിച്ച് ആരെയും കോടതി ഇതുവരെ ശിക്ഷിച്ചിട്ടില്ല. കേസ്സുകൾ വിവിധ ഘട്ടങ്ങളായി നടന്നുവരികയാണ്.

44 (1776) എക്സൈസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ ഗാർഡ് പ്രിവന്റീവ് ഓഫീസർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികകളിൽ നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഈ ലിസ്റ്റുകളിൽ നിന്നും എത്രപേർക്ക് വീതം നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ ഗാർഡ് പ്രിവന്റീവ് ഓഫീസർ തസ്തികകളിൽ ഉള്ള ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു.

ജില്ല	ഗാർഡുമാരുടെ ഒഴിവ്	പ്രിവന്റീവ് ഓഫീസർമാരുടെ ഒഴിവ്
തിരുവനന്തപുരം	64	1
കൊല്ലം	13	ഇല്ല
പത്തനംതിട്ട	33	ഇല്ല
ആലപ്പുഴ	48	3
കോട്ടയം	37	ഇല്ല
ഇടുക്കി	71	3
എറണാകുളം	54	ഇല്ല
തൃശ്ശൂർ	80	ഇല്ല
പാലക്കാട്	148	3
മലപ്പുറം	48	ഇല്ല
വയനാട്	48	2
കോഴിക്കോട്	60	5
കണ്ണൂർ	37	3
കാസർഗോഡ്	36	9

LIBRARY ARCHIVES Kerala Legislative Assembly